## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*227. 06.11.2019 ൽ മറുപടിയ്ക്ക്

### വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനുള്ള നീക്കം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.അബ്ദുൽ ഹമീദ്.പി<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | ചക്ക, കശുമാങ്ങ, വാഴപ്പഴം തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) | നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, 26/10/19 തീയതിയിലെ സ.ഉ (കൈ) നം.58/2019/ നി.വ പ്രകാരം പഴവർഗ്ഗങ്ങളിൽ നിന്നും, ധാന്യങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിനും ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ വിപണനത്തിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമാണോ സർക്കാരിന്റേത് എന്ന് വ്യക്തമാക്കുമോ; | (ബി) | മദ്യത്തിന്റെ ആവശ്യകത നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. മദ്യാസക്തിയും, നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യ വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സംഘടിപ്പിച്ച് വരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉറപ്പാക്കി സമ്പൂർണ്ണ ലഹരി മുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനായുള്ള മദ്യനയമാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളിലും, യുവാക്കളിലും മയക്കുമരുന്ന് |

| | | | |
|---|---|---|---|
| | | | ഉപഭോഗത്തിനെതിരെയുള്ള ആശയങ്ങൾ പകർന്നു നൽകുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ വഴി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | എങ്കിൽ മദ്യം ഉത്പാദിപ്പിക്കാൻ അനുമതി നൽകാനുള്ള തീരുമാനത്തിൽ നിന്നും പിന്മാറുവാൻ തയ്യാറാകുമോ; വിശദീകരിക്കാമോ? | (സി) | കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സബ്ജക്റ്റ് കമ്മിറ്റി VIII നിർദ്ദേശിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച്, പഴങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉത്പാദിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ തീരുമാനം വഴി പാഴായി പോകുന്ന ചക്ക, കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നം ആക്കി മാറ്റാൻ കഴിയുകയും, കർഷകർക്ക് ഇതുവഴി സമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ ഈ തീരുമാനത്തിൽ നിന്നും പിന്മാറേണ്ട സാഹചര്യമില്ല. |

**സെക്ഷൻ ഓഫസർ**